കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തുവ്വൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.24/1941/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി. 22/10/2018

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തുവ്വൂർ ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : തുവ്വൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
4) കാര്യാലയ പകർപ്പ്

നംകെ.എസ്.എ.എം.പി.എം.24/1941/2018

തിയ്യതി:22/10/2018

## മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/06/2017 മുതൽ 30/06/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-07-2018മുതൽ 17-07-2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സക്കീർ ഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |
| ശ്രീമതി. ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.ബാലകൃഷണൻ.ടി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.എം .വി മോഹനൻ | 01.04.2017 മുതൽ 27.11.17 വരെ |

| | |
|---|---|
| 2.ശ്രീ.ബി.വിദ്യാധരൻ പിള്ള | 28.11.2017മുതൽ 31.03.18 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.വെറ്ററിനറി സർജൻ | ഡോ.ലീന.കെ.നായർ | 01.04.2017 - 31.03.2018 |
| 2.മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അബ്ദുൾ നാസർ നടുവാഞ്ചേരി | 01.04.2017 – 02.08.2017 |
| | ഡോ. അബ്ദുൾ അസീസ്. | 03.08.2017 - 31.03.2018 |
| 3.വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശരീഫ് അഹമ്മദ്.ടി.കെ | 01.04.2017 – 31.03.2018 |
| 4.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശാന്തകുമാരി.വി | 01.04.2017 –31.03.2018 |
| 5.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.എം.പി ജോസ് | 01.04.2017 - 31.03.2018 |
| 6.ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ദിവ്യ.ജി.എൻ | 01.04.2017 - 31.03.2018 |
| 7.കൃഷി ഓഫീസർ | ശ്രീമതി.ബിജില ബാലൻ | 01.04.2017 - 01.07.2017 |
| | ശ്രീ.തോമസ്.ടി.ടി | 02.07.2017 – 28.08.2017 |
| | ശ്രീമതി.മാരിയത്ത്.കിബിത്തിയ | 29.08.2017 - 11.10.2017 |
| | ശ്രീ.മുഹമ്മദ് സക്കീർ | 12.10.2017 - 31.03.2018 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | |
| 5 | 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | |
| 6 | 1-6 | പദ്ധതി അവലോകനം. | |

| | | | |
|---|---|---|---|
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | 2-1 | ബിൽഡിംഗ് പെർമിറ്റ് - ഫയലുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല. | |
| 14 | 2-2 | തൊഴിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച് | |
| 15 | 2-3 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | 3-1 | കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമല്ല. | |
| 17 | 3-2 | ഇ ടെണ്ടർ - ഫോറം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | |
| 18 | 3-3 | അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം | |
| 19 | 3-4 | കറവ പശു വിതരണം -ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. | |
| 20 | 3-5 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമല്ല. | |
| 21 | 3-6 | ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടികട- പ്രൊജക്ട് രൂപീകരണത്തിലെ അപാകത. | |
| 22 | 3-7 | മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചില്ല. | |
| 23 | 3-8 | മഴക്കാലപൂർവ്വശുചീകരണപദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | |
| 24 | 3-9 | പകൽ വീട് നിർമാണം - ലക്ഷ്യം കൈവരിച്ചില്ല. | |
| 25 | 3-10 | പരതോട് എസ്.സി കോളനി റോഡ് കുടിവെള്ള പദ്ധതി. | |
| 26 | 3-11 | പറയം കോളനി കോളനി കുടിവെള്ള പദ്ധതി- അപാകതകൾ | |
| 27 | 3-12 | 09,10 ക്ലാസ് SC ആൺകുട്ടികൾക്ക് സൈക്കിൾ വിതരണം - അപാകതകൾ | |
| 28 | 3-13 | ഒന്നാം ക്ലാസിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ. | |
| 29 | 3-14 | അമൃതം ന്യൂട്രിമിക്സ് - പർച്ചേസിലെ അപാകതകൾ. | |
| 30 | 3-15 | ആശ്രയ പദ്ധതി - അവലോകനം. | |
| 31 | 3-16 | ഗ്രാമ ജ്യോതി - അജൈവ മാലിന്യ സംസ്കരണ പദ്ധതി | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |

| | | | |
|---|---|---|---|
| 33 | 4-2 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ | |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 35 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 36 | 4-5 | സ്ഥിര നിക്ഷേപങ്ങൾ | |
| 37 | 4-6 | ഓഡിറ്റ് റിക്കവറി | |
| 38 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 39 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം | |
| 41 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| 42 | Annexure 1 | Audit Certificate | |
| 43 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017 തിയ്യതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരംഅംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14.05.2018 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018,14.06.2018 | കെ.എസ്.എ.എം.പി.എം.24/1726/2018 തിയതി 03.07.18 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9447233 |
| വരവ് | 60668094 |
| ആകെ | 70115327 |
| ചെലവ് | 60249165 |
| നീക്കിയിരിപ്പ് | 9866162 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15436000 | 15436000 | 15378001 | 57999 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8078064 | 8078064 | 6562104 | 1515960 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 20992 | 20992 | 20048 | 944 |
| സംരക്ഷണഗ്രാന്റ്- റോഡ് | 0 | 6470000 | 6470000 | 5635885 | 834115 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 3399000 | 3399000 | 3394664 | 4336 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7140564 | 7140564 | 7081319 | 59245 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3716176 | 3716176 | 3697319 | 18857 |
| എൻ.ആർ. ഇ.ജി.എസ്. | 27755 | 8797449 | 8825204 | 8495146 | 334058 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 18857 | 18857 | 18857 | 0 |
| ബി ഫണ്ട് | 0 | 39479020 | 39479020 | 39479020 | 0 |
| ട്രഷറി ടി എസ് ബി(ജനറൽ പർപ്പസ് ) | 0 | 9745000 | 9745000 | 4234091 | 0 |
| ട്രഷറി ടി എസ് ബി(ജോയിന്റ് വെഞ്ചർ) ബ്ലോക്ക് പഞ്ചായത്ത് | 0 | 862000 | 862000 | 862000 | 0 |
| ട്രഷറി ടി എസ് ബി(ജോയിന്റ് വെഞ്ചർ) ജില്ലാ പഞ്ചായത്ത് | 0 | 987500 | 987500 | 832300 | 155200 |
| SSA-PNB | 202954 | 7685 | 210639 | 0 | 210639 |
| സാക്ഷരത- SMGB | 197 | 0 | 197 | 197 | 0 |
| SMGB- Plan | 791132 | 32033 | 823165 | 118 | 823047 |
| MN ലക്ഷം വീട് | 1097983 | 38766 | 1136749 | 0 | 1136749 |
| SBT- 67210685715 | 1561825 | 680985 | 2242810 | 0 | 2242810 |

| | | | | | |
|---|---|---|---|---|---|
| പരപ്പിനി കുടിവെള്ള പദ്ധതി | 87678 | 3095 | 90773 | 0 | 90773 |
| വായ്പ | 174622 | 0 | 174622 | 0 | 174622 |
| തനതു ഫണ്ട്-ബാങ്ക് | 3523256 | 9397958 | 12921214 | 7761009 | 5160205 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 58489436 | 152 | 45787511 | 2 | 28 | 83.5 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 27755 | 724216 | 751971 | 421913 | 330058 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 8073233 | 8073233 | 8073233 | 0 |
| ആകെ | 27755 | 8797449 | 8825204 | 8495146 | 330058 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 68520 | 126 |
| കർഷക തൊഴിലാളി പെൻഷൻ | 3687300 | 304 |
| വിധവാ പെൻഷൻ | 15290200 | 1296 |
| വാർദ്ധക്യകാല പെൻഷൻ | 15071700 | 1238 |
| വികലാംഗ പെൻഷൻ | 4228400 | 349 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 10 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 922900 | 78 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.14514/-രൂപയുടെ

കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) രശീതികൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ അടവ്, പിൻവലിക്കൽ പ്രവർത്തനങ്ങളിൽ മേലുദ്യോഗസ്ഥന്റെ പരിശോധന കാര്യക്ഷമമല്ല. രശീതി വഴി പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യതയും, ബാങ്ക് ബുക്കിൽ ബുക്ക് ചെയ്യുന്ന ചെലവിന്റെ കൃത്യതയും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3)വസ്തുനികുതി ഒഴികെയുള്ള നികുതി നികുതിയേതര തനത് വരുമാനങ്ങളുടെ ഡിമാന്റ് കൃത്യമായി നിരീക്ഷിക്കുന്നില്ല.

4)പല സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

5) മുഴുവൻ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6) പേഴ്സണൽ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

7) പേഴ്സണൽ രജിസ്റ്ററിൽ തപാലുകൾ തീർപ്പാക്കിയത് രേഖപ്പെടുത്തുന്നില്ല.

8) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

9) പേഴ്സണൽ രജിസ്റ്റർ മാസാന്ത്യ ത്രൈമാസ പരിശോധന നടത്തുന്നില്ല.

10) മാസ്റ്റർ ഇംക്യുബൻസി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.

11)മെമ്പർമാർ/ജീവനക്കാർ എന്നിവർ എല്ലാ പണം സ്വീകരിക്കലിനും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്ക്കുന്നില്ല.

12)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങലുകളുടെ തീയതി,സാധനങ്ങൾകൈപ്പറ്റിയവരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

13)ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന ഔദ്യോഗിക ഫോറങ്ങൾ(ലീവ് അപേക്ഷ മുതലായവ..)ലഭിച്ച അതേ ദിവസം തന്നെ മുഴുവനും വിതരണം ചെയ്തതായി കാണിക്കുന്നു.ആർക്കാണ് നൽകിയതെന്ന് രേഖപ്പെടുത്തുന്നില്ല.

14) കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

15)സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയും കെട്ടിടങ്ങളുടേയും വ്യക്തമായ വിവരവും മറ്റു വാല്യുബൾസിന്റേയും വിവരം ലഭ്യമല്ല.

16) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.ഉദാഹരണമായി ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം വെറും 3 20 000 രൂപയാണ്. അസറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി വാർഷിക കണക്കിൽ ആയതു പ്രകാരമുള്ള മൂല്യം ചേർക്കേണ്ടതാണ്.

17) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികൾ ശ്രദ്ധ ചെലുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ചുമതലയാണ്.
18) വർഷാവസാനം സർക്കാരിലേക്കും മറ്റ ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനത് ഫണ്ടിൽസൂക്ഷിക്കുന്നുണ്ട്.ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.
19)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കായലളവിൽ വികസന കാര്യസ്ഥിരം സമിതി പന്ത്രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ/പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

20.ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മീറ്റിങ്ങ് നോട്ടീസ് ബുക്കിൽ നമ്പർ 25/17-18/3.07.2017 പ്രകാരം 2017 ജൂലൈ മാസത്തെ മീറ്റിങ്ങിനായിനോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്, എന്നാൽ മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല, ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മീറ്റിങ്ങ് മിനുട്ട്സ് പുസ്തകത്തിൽ 6/6/2017 ലെ മിനുട്ട്സ് രേഖപ്പെടുത്തിയതിനു ശേഷം 165 മുതൽ 200വരെ പേജുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുമില്ല.
21. തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകാതിരുന്നതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.06.2018 | മേയ്-2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.03.2006 | 1997-98 മുതൽ 2006-2007വരെ | 20.06.2007 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 AFS പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.
1.സഞ്ചയ software പ്രകാരമുള്ള വസ്തുനികുതിയുടെ demand ,collection ,balance തുകകൾ AFSമായി പൊരുത്തപ്പെടുന്നില്ല.

2.തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3.Deposit register-Abstract തയ്യാറാക്കിയിട്ടില്ല.

4.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.
5.വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് - ഫയലുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം കെട്ടിട പണി പൂർത്തിയാക്കിയ അർദ്ധ വർഷം മുതൽ വസ്തു നികുതി ചുമത്തേണ്ടതാണ്. 11.11.2013 ലെ A/123/13 നമ്പർ ബിൽഡിങ്ങ് പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ നൽകുന്നതിന് E, F സാക്ഷ്യപത്രങ്ങൾ, ഫോറം 2 പ്രകാരമുള്ള റിട്ടേൺ എന്നിവ സഹിതം 18.02.2016 ന് (സൂചിക നമ്പർ B3/718/16-18.02.2016) അപേക്ഷ നൽകിയിട്ടുണ്ട്. മേൽരേഖകൾ പ്രകാരം നിർമ്മാണം 18.02.2016 ന് പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 1.04.2016 മുതൽ വസ്തു നികുതിയും സേവന ഉപനികുതിയും ചുമത്തേണ്ടതാണ്. എന്നാൽ 1.04.2017 മുതലാണ് നികുതി ചുമത്തിയിട്ടുള്ളത്. നികുതി ചുമത്തിയതിന്റെ (2017-18) വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉടമസ്ഥൻ | ശ്രീ.ഷറഫത്തുള്ള വട്ടിപ്പറമ്പത്ത്,ഉവ്വൂർ |
| കെട്ടിട നമ്പർ | 198A |
| വിഭാഗം | ഓഡിറ്റോറിയം |
| പ്ലിന്ത് ഏരിയ | 2194.98 |
| ഈടാക്കിയ വസ്തു നികുതി | 140041 രൂപ<br>( PT 127309 + L.C = 6366 + SC = 6366) |

ചട്ടം 24 (1) പ്രകാരം ബാക്ക് അസസ്മെന്റ് നടത്താത്തതു മൂലം 2016-17 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഇനത്തിൽ (LC, SC ഉൾപ്പടെ) 140041 രൂപയുടെ നഷ്ടം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തികൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 06/13.07.18) ലഭ്യമാക്കിയ മറുപടിയിൽ (A1 /3231/2018 തിയ്യതി 16.07.2018), 18.02.2016-ന് (സൂചിക നമ്പർ B3/718/16-18.02.2016) നമ്പർ അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നെങ്കിലും, സ്ഥല പരിശോധനയിൽ നിർമ്മാണം പൂർത്തികരിക്കാത്തതിനാൽ നമ്പർ നൽകിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 2013-ൽ തുടങ്ങിയിട്ടുള്ള പ്രസ്തുത ഫയലിൽ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവ ക്രമമായി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മറുപടിയിൽ പറഞ്ഞ വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. കൂടാതെ ഫയൽ ക്രമപ്രകാരം സൂക്ഷിക്കാത്തതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1.പോസ്റ്റ് ഓഫീസ് ,പാലയ്ക്കൽവെട്ട - (2ാംഅർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി)

2.കെ എസ് ഇ ബി, ഉവ്വൂർ - ശ്രീ.ശശികുമാർ.കെ.ജി ഓവർസിയറുടെ (Date of retirement-31.05.2017)1ാം

അർദ്ധ വർഷത്തെ തൊഴിൽനികുതി,സ്ഥാപന തൊഴിൽനികുതി)

3.താലൂക്ക് ഹോസ്പിറ്റൽ ,വണ്ടൂർ(7 ജീവനക്കാർ) - (1ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി)

4.ബി എസ് എൻ എൽ, തുവ്വൂർ - (2അർദ്ധ വർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽനികുതി (ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.)

5.ശങ്കര വിദ്യാപീഠം , തുവ്വൂർ - (2അർദ്ധ വർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽനികുതി )

6.പോസ്റ്റ് ഓഫീസ് ,തുവ്വൂർ (1ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി)

7.ICDS സൂപ്പർവൈസർ -(1ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി)

8.GHS തുവ്വൂർ.-(1ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി)

9.പോസ്റ്റ് ഓഫീസ് നീലാഞ്ചേരി - (1ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി)

10.വനിതാ സഹകരണ സംഘം, തുവ്വൂർ - (2ാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി)

11.സതേൺ റെയിൽവേ ,തുവ്വൂർ - (രാജീവ് C.R ട്രാക്ക് മാൻ എന്നവരുടെ 2അർദ്ധ വർഷങ്ങളിലെയും തൊഴിൽനികുതി )

തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ

1). ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2017-18സാമ്പത്തിക വർഷത്തിൽ 168 സ്ഥാപനങ്ങളാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) ഡി&ഒലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.

ഡി&ഒലൈസൻസിനുള്ള പല അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. വിറ്റു വരവിന്റെയടിസ്ഥാനത്തിൽ D & O ലൈസൻസ് ഫീസ് കണക്കാക്കുന്നതിനും പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3).റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് എന്നും എല്ലാ റേഷൻ കടകൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുക്കേണ്ട മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമല്ല.

പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയ കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങൾ ഒരു വർക്ക് ഫയലിലും ഉള്ളടക്കം ചെയ്തു കാണുന്നില്ല.എന്നാൽ ബില്ലിൽ നിന്ന് ഇൻകം ടാക്സ്, വെൽഫയർ ഫണ്ട് എന്നിവ മാത്രമാണ് കുറവ് ചെയ്തു കാണുന്നത്.ജി.എസ്.ടി ഇനത്തിൽ തുകയൊന്നും കുറവ് ചെയ്തിട്ടില്ല.

താഴെ രേഖപ്പെടുത്തിയ കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കുന്നതിന് മുമ്പ് മാറിയ ബില്ലുകളിലെ നികുതി വിവരം പരിശോധിക്കാനായിട്ടില്ല.

1-മുഹമ്മദ് അബ്ദുൽ റസാഖ്.

2-സൈതലവി.കെ

3-ഹൈദരലി.കെ

4-യൂസുഫലി.കെ.

5-അലി.കെ

മേൽ കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഈ റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-2 ടെണ്ടർ - ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ട്- ഒരു അവലോകനം

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 120 പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 31374361രൂപയാണ്. ചെലവഴിച്ചത് 23645684 രൂപയാണ്. അതായത് 75.36 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ 24 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 77.28 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തി നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന

സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു.ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ച എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 27 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല.വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല.ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. റോഡ് മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയല്ല പ്രൊജക്ടുകൾ നിർവ്വഹണം നടത്തുന്നത്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 കറവ പശു വിതരണം -ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ വനിതകൾക്ക് കറവ പശു വിതരണം എന്ന പ്രോജക്ടിന്റെ (55/18 ജനറൽ) ഭാഗമായി 100 ഗുണഭോക്താക്കൾക്ക് 25000 രൂപ വീതവും, 75/18 എസ്.സി പ്രോജക്ടിന്റെ ഭാഗമായി ആറ് എസ്.സി വനിതകൾക്ക് 30000 രൂപ വീതവും ധനസഹായം നൽകുന്നുണ്ട്. രണ്ട് പ്രോജക്ടുകൾക്കുമായി പ്ലാൻ വിഹിതം 26,80,000 രൂപ ചെലവ് വരുന്നുണ്ട്.

പ്രോജക്ട് വിഭാവനം ചെയ്യുന്നത് കറവ പശു വാങ്ങുന്നതിന് സബ്സിഡി നൽകാനാണ്. പദ്ധതി ബാങ്ക് ലോൺ ലിങ്ക്ഡ് ആയിട്ടാണ് നടപ്പിലാക്കുന്നത്. സബ്സിഡി തുക ബാങ്ക് ലോണിലേക്ക് കൈമാറുന്ന രീതിയിലാണ് 01(1)-31.05.2017 വികസന സ്ഥിരം സമിതി ശുപാർശ പ്രകാരമുള്ള പ്രോജക്ട്. പിന്നീട് പ്രോജക്ട് വികസന സ്ഥിരം സമിതിയുടെ 01/17.10.2017 ശുപാർശ പ്രകാരം റിവൈസ് ചെയ്യുകയും ബാങ്ക് ലോൺ ലിങ്ക്ഡ് എന്ന മാനദണ്ഡം ഒഴിവാക്കുകയും ചെയ്തു. പ്രോജക്ടിന്റെ ഭാഗമായി 100 ജനറൽ ഗുണഭോക്താക്കൾക്കും 6 എസ്.സി ഗുണഭോക്താക്കൾക്കും കറവ പശു വാങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്.

17 വാർഡ് ഉള്ള പഞ്ചായത്തിൽ ഇത്രയധികം ഗുണഭോക്താക്കളെ ഏത് മാനദണ്ഡം വെച്ചാണ് കണ്ടെത്തിയത് എന്ന് വ്യകതമല്ല.കാലി വളർത്തലിൽ താൽപര്യമുള്ളവരാണ് ഗുണഭോക്താക്കൾ എന്ന് അപേക്ഷകളിൽ വെറ്ററിനറി സർജൻ സർട്ടിഫൈ ചെയ്യുന്നുണ്ട്.എന്നാൽ പശുക്കളുടെ വാങ്ങൽ പ്രക്രിയയിൽ വികസന സ്ഥിരം സമിതിയുടെ ഇടപെടൽ പരിമിതമാണ് എന്ന് കാണുന്നു. പ്രോജക്ട് നിർവഹണ ശേഷം പ്രോജക്ടിന്റെ പ്രായോഗിക വിജയത്തെ കുറിച്ചുള്ള വിശകലനമൊന്നും സ്ഥിരം സമിതി നടത്തിയിട്ടില്ല.

കരാർ പ്രകാരം ഗുണഭോക്താക്കൾ ഇതേ മേഖലയിൽ ഇപ്പോഴും തുടർന്ന് വരുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 3-5 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമല്ല.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

A)പരതോട് കുടിവെള്ളപദ്ധതി (172/17)യുടെ ഭാഗമായി വൈദ്യുതി കണക്ഷൻ ത്രീ ഫേസ് ആക്കൽ

ട്രഷറി ബിൽ നംമ്പർ 32/17-18/28-2-18 പ്രകാരം 66074 രൂപ പിൻവലിച്ചിട്ടുണ്ട്.

ഈ ചെലവിന്റെ താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമല്ല.

1) KSEB യിൽ തുക അടവാക്കിയതിന്റെ വിവരം

2) KSEB തുക കൈപ്പറ്റിയതിന്റെ വിവരം

3) വിനിയോഗസാക്ഷ്യപത്രം

4)പ്രവൃത്തിയുടെ പൂർത്തീകരണ വിവരം

B)തരിപ്രമുണ്ട SC കോളനി കുടിവെള്ളപദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ.

ട്രഷറി ബിൽ നംപർ 31/17-18/28-2-18 പ്രകാരം 62000 രൂപ പിൻവലിച്ചിട്ടുണ്ട്.

ഈ ചെലവിന്റെ താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമല്ല.

1) KWA യിൽ തുക അടവാക്കിയതിന്റെ വിവരം

2) KWA തുക കൈപ്പറ്റിയതിന്റെ വിവരം

3) വിനിയോഗസാക്ഷ്യപത്രം

4)പ്രവൃത്തിയുടെ പൂർത്തീകരണ വിവരം

മേൽവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 9/10-7-18 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, വികസന സ്റ്റാന്റിംഗ് കമ്മറ്റി ഈ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയോ തുടർനടപടി സ്വീകരിക്കാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുകയോ ഉണ്ടായിട്ടില്ല.

മേൽ അപാകതകൾ വിശദമാക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

## 3-6 ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടികട- രൂപീകരണത്തിലെ അപാകത.

| | |
|---|---|
| പ്രൊജക്ട് | : ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട (74/18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| സ്റ്റാന്റിംഗ് കമ്മറ്റി | : ക്ഷേമകാര്യം (ശുപാർശ 02/21.12.2017) |
| അടങ്കൽ | : 30,000/- (വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ | : 13/2017-18 |

ശ്രീ. ആലി തോട്ടപ്പാളി എന്നവർക്ക് "ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട" എന്ന പ്രൊജക്ട് പ്രകാരം പെട്ടിക്കട തുടങ്ങുന്നതിന് 30,000/- രൂപയുടെ ധന സഹയം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ട് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ 1(1)/31.05.2017 -നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിന് വേണ്ടി ശുപാർശ ചെയ്തു. എന്നാൽ പ്രൊജക്ട് ഭേദഗതി ചെയ്തത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 02/21.12.2017 ശുപാർശ പ്രകാരമാണ്. ആയത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ രണ്ട് സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനുട്സിലും രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി 05/12.07.2018) മറുപടിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് കീഴിലെ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശ പ്രകാരമാണ് പ്രൊജക്ട് രൂപീകരിച്ചതെന്നും വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശുപാർശക്ക് തെറ്റായി

സമർപ്പിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ക്രിയാത്മകമായ ഇടപെടൽ ഇല്ലാത്തതുകൊണ്ടാണ് ഇത്തരം വീഴ്ച്ചകൾ ഉണ്ടാവുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-7 മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് | : PHC -യിലേക്ക് മരുന്ന് വാങ്ങൽ (43/18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ(ആരോഗ്യം) |
| സ്റ്റാന്റിംഗ് കമ്മറ്റി | : ആരോഗ്യവും വിദ്യാഭ്യാസവും (ശുപാർശ 02/21.12.2017) |
| അടങ്കൽ | : 3,00,000/- (വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ | : 07/2017-18, 27.01.2018 |

മേൽ പ്രൊജക്ട് പ്രകാരം ഉവ്വൂർ പി.എച്ച്.സി- യിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് 27.01.2018- ൽ 300000/- രൂപ കെ.എം.എസ്.സി.എൽ- ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ട് പ്രകാരമുള്ള മരുന്നുകൾ നാളിതുവരെ (17.07.2018) ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി കെ.എം.എസ്.സി.എൽ- മായി കത്തിടപാടുകൾ നടത്തുകയും ചെയ്തിട്ടില്ല. മരുന്ന് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ (മുൻ വർഷങ്ങളിൽ വാങ്ങിയത് ഉൾപ്പടെയുള്ളവ രേഖപ്പെടുത്തിയ) പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 15/16.07.18) നൽകിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാത്ത നടപടി ക്രമ പ്രകാരമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പ്രൊജക്ടുകളുടെ മോണിറ്ററിംഗിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റിയും കാര്യക്ഷമമായി ഇടപെടേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കിയ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-8 മഴക്കാലപൂർവ്വശുചീകരണപദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

മഴക്കാലപൂർവ്വശുചീകരണപദ്ധതി നടപ്പിലാക്കുന്നതിനായി താഴെ പറയും പ്രകാരം 241570 രൂപ സെക്രട്ടറി, മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) നൽകിയിട്ടുണ്ട്.

വൗച്ചർ നംപർ 21700150/3-6-17 71570 രൂപ

വൗച്ചർ നംപർ 21700298/14-8-17 170000 രൂപ

ആകെ 241570 രൂപ

മേൽചെലവിന്റെ രേഖകളൊന്നും തന്നെ ലഭ്യമാക്കാത്തതിനാൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് 11/16-7-2018 നംപർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് താഴെ പറയുന്ന 9 വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കി.

| വാർഡ് നംപർ | ചെലവ്തുക(രൂപയിൽ) |
|---|---|
| 1 | 14000 |
| 2 | 14000 |
| 3 | 14804 |

| | |
|---|---|
| 6 | 14470 |
| 9 | 16620 |
| 14 | 14908 |
| 15 | 14200 |
| 16 | 14200 |
| 17 | 14120 |
| ആകെ | 131322 |

അപാകതകൾ

1)മഴക്കാലം തുടങ്ങുന്നതിന് മുമ്പ് ചെയ്യേണ്ട പ്രവൃത്തിക്ക് തുക നൽകുന്നത് 3-6-17,14-8-17 എന്നീ തീയതികളിലും പ്രവൃത്തി തുടങ്ങുന്നത് അതിന് ശേഷവുമാണ്. അതായത് മഴക്കാലത്തിന്റെ അവസാനത്തിലാണ് പ്രവൃത്തി തുടങ്ങുന്നത്.ഇത് ഒട്ടും ഫലപ്രദമാവില്ല.

2) മേൽ 9 വാർഡുകളിലും മഴക്കാലപൂർവ്വശുചീകരണപദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടത്തിയതായി കാണുന്നില്ല.ഫ്ളക്സ്, നോട്ടീസ് മുതലായവയുടെ പ്രിന്റിംഗ്, തുണിസഞ്ചി വാങ്ങൽ, ബോധവൽക്കരണക്ളാസ്സ് നടത്തൽ, മുതലായവയാണ് നടപ്പിലാക്കിയതായി കാണുന്നത്.

3) വാർഡ് 3, 6, 9, 14, 17 എന്നിവയിൽ 10000 രൂപ ചെലവഴിച്ചത് തുണിസഞ്ചി വാങ്ങുന്നതിനാണ്. (500*20 രൂപ) ഇവ വീടുകളിൽ വിതരണം ചെയ്യുന്നതിനാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വിതരണം ചെയ്തതിന്റെ വിശദാംശം ഇല്ല.

4) പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

5) ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 29-4-17 മീറ്റിംഗിലെ 1(1) തീരുമാനപ്രകാരം ഇക്കാര്യത്തിൽ ആരോഗ്യപ്രവർത്തകരുടെ യോഗം വിളിക്കാനും വാർഡ്തലത്തിൽ ക്യാംപയിൻ നടത്താനും ശുപാർശചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് 31-3-18 വരെ യാതൊരു തീരുമാനവും എടുത്തതായി കാണുന്നില്ല.ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്ന് വിലയിരുത്തുന്നു.

6) 8 വാർഡുകളിലെ 110248രൂപയുടെ (241570-131322)ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.
7)സ. ഉ (സാധാ) നം.1485/2017 തസ്വഭവ 8-5-17 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ വാർഡ് ഒന്നിന് 10000 രൂപ വിനിയോഗിക്കാനാണ് അനുമതിയുള്ളത്. 71550 രൂപ (241570- 170000) അധികം വിനിയോഗിച്ചു.

മേൽ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയും അവശേഷിക്കുന്ന വാർഡുകളിലെ ചെലവു രേഖകൾ ഹാജരാക്കുകയും ചെയ്യുന്നത് വരെ ചെലവ് തുക 181798(110248 +71550) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 പകൽ വീട് നിർമ്മാണം - ലക്ഷ്യം കൈവരിച്ചില്ല.

സ്പിൽ ഓവർ പ്രോജക്ടായി നിർവഹിച്ചതാണ് പകൽ വീട് നിർമാണം എന്ന പ്രോജക്ട്. 17/2018 സ്പിൽ ഓവർ പ്രോജക്ടിന് 8.8 ലക്ഷം രൂപ പ്ലാൻ വിഹിതം (ജനറൽ) വകയിരുത്തുകയും ചെയ്തിട്ടുണ്ട്.-ഇ - ടെണ്ടറിൽ പ്രവൃത്തി 702320 രൂപക്ക് മുഹമ്മദ് ആലുങ്ങൽ എന്ന കരാറുകാരൻ ഏറ്റെടുക്കുകയും ചെയ്തു. 63/29.03.2017 പ്രകാരം കരാർ വെക്കുകയും സിവിൽ വർക്കുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.ബിൽ നമ്പർ 90/28.02.2018 പ്രകാരം കരാറുകാരന് 702320 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

ഭരണസമിതിയുടെ 4(1)/10.08.2017 തീരുമാന പ്രകാരം വൈദ്യുതി ബോർഡ് കെട്ടിടത്തിന്റെ പരിസരത്തുള്ള നിലവിലെ സൈറ്റ് കെട്ടിടം പണിയാൻ ഉപയുക്തമല്ല എന്ന് വിലയിരുത്തുകയും പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സമീപത്തേക്ക് മാറ്റാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പൂർണ നിയന്ത്രണത്തിലുള്ള ഭൂമിയിലാണോ കെട്ടിടം നിർമിച്ചത് എന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.കെട്ടിടം നിർമാണം നടത്തിയത് ആരോഗ്യ വകുപ്പിന്റെ ഭൂമിയിലാണ്.കെട്ടിടം നിർമിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല എന്ന് കാണുന്നു. ആയത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി വിഹിതം ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം ലക്ഷ്യം കൈവരിക്കേണ്ടതുണ്ട്. ആയതിനുള്ള പ്രായോഗിക സമീപനങ്ങൾ വികസന കാര്യ സമിതിയിൽ ചർച്ച ചെയ്തതായി കാണുന്നില്ല. തീരുമാനങ്ങൾ ഒന്നും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുമില്ല.

പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ ഭരണസമിതി/ സ്റ്റാന്റിങ്ങ് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 പരതോട് എസ്.സി കോളനി റോഡ് കുടിവെള്ള പദ്ധതി.

സ്പിൽ ഓവർ പ്രോജക്ടായിട്ടാണ് പരതോട് എസ്.സി കോളനി റോഡ് കുടിവെള്ള പദ്ധതി നിർവഹിക്കുന്നത്.പി.രാജൻ കൺവീനറായി നിർവഹിച്ച 14/2018 പ്രോജക്ടിൽ വകയിരുത്തിയത് എസ്.സി.പി വിഹിതം 4.5 ലക്ഷം രൂപയാണ്. പ്രവൃത്തി ഭാഗികമായി നിർവഹിച്ച് ബിൽ 28/09.01.2018 പ്രകാരം 272737 രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.ചെയ്ത പ്രവൃത്തിയുടെ അളവുകൾ 59/17-18 അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.പ്രവൃത്തിയുടെ ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു

1- 4.5 ലക്ഷം വകയിരുത്തിയ പ്രോജക്ടിൽ പാർട്ട് ബില്ലായി 2.7 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അവശേഷിച്ച പ്രവൃത്തികൾ പൂർത്തിയാക്കിയ വിവരം ലഭ്യമല്ല.മാത്രമല്ല പാർട്ട് ബില്ലിൽ നിന്ന് റിട്ടെൻഷൻ തുക കുറവ് ചെയ്യാതെയാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത് .

2- അളവ് പുസ്തകം പേജ് 14 ൽ സൈറ്റിൽ നിന്ന് ലഭ്യമായ 22.5m3 ബ്ലാസ്റ്റഡ് റോക്ക് സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇതിന്റെ വില കുറവ് ചെയ്യാതെയാണ് കൺവീനർക്ക് തുക നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ലഭ്യമായ പാറ പ്രവൃത്തിയുടെ തന്നെ ഭാഗമായി പ്രയോജനപ്പെടുത്തിയ വിവരവും ഫയലിലോ അളവ് പുസ്തകത്തിലോ രേഖപ്പെടുത്തിയിട്ടില്ല.

3- കിണർ നിർമാണം , റിങ്ങ് വർക്ക്, കിണറിന് മുകളിൽ നെറ്റ് , 130 മീറ്റർ വിതരണ ലൈൻ, ടാങ്ക് ബേസ് എന്നിവ പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കിണറിൽ മതിയായ അളവിൽ വെള്ളം ലഭ്യമാണോ എന്ന വിവരം ഫയലിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

4- കിണർ നിർമാണ പ്രവൃത്തിയുടെ ഭാഗമായി എട്ട് ദിവസം എട്ട് മണിക്കൂർ വെള്ളം പമ്പ്ചെയ്ത് ഒഴിവാക്കുന്നതിന് 165.05 രൂപ മണിക്കൂർ നിരക്കിൽ 10563 രൂപ കൺവീനർക്ക് നൽകുന്നുണ്ട്. അളവ് പുസ്തകത്തിലും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.15.04.2017,23.04.2017, 24.04.2017,28.04.2017,29.04.2017,07.09.2017,08.09.2017,13.09.2017 ദിവസങ്ങളിലാണ് ഇപ്രകാരം വെള്ളം പമ്പ്ചെയ്ത് ഒഴിവാക്കുന്നത്.എന്നാൽ പ്രവൃത്തിയുടെ ഫയലിൽ രേഖപ്പെടുത്തിയ മസ്റ്റർ റോളിൽ 23.04.2017, 24.04.2017,28.04.2017,29.04.2017 ദിവസങ്ങളിൽ പ്രവൃത്തി നിർവഹിച്ചിട്ടില്ല എന്ന് കാണുന്നു. ഇപ്രകാരം 5282 രൂപ പരസ്പരം പൊരുത്തപ്പെടാത്ത രേഖകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

5- പ്രവൃത്തിയുടെ നിർവഹണത്തിന് വാങ്ങിയ പർച്ചേസുകൾക്ക് ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല

എന്നത് വീഴ്ച്ചയാണ്.01.07.2017 മുതൽ GST നിലവിൽ വന്നിട്ടുണ്ട് എങ്കിലും ടാക്സ് ഇനത്തിൽ സർക്കാറിന് നഷ്ടമുണ്ടാക്കുന്ന ഇത്തരംപ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.സ്റ്റീൽ വാങ്ങുന്നതിന് പുലരി ഇൻഡസ്ട്രീസ് കരുവാരകുണ്ട് എന്ന് രേഖപ്പെടുത്തി 69000 രൂപയുടെ ബില്ലും, സിമന്റ് , പൈപ്പ് എന്നിവ വാങ്ങുന്നതിന് 75200 രൂപയുടെ ACC Traders പാണ്ടിക്കാട് എന്ന സ്ഥാപനത്തിന്റെ ബില്ലുമാണ് ഫയലിൽ ഉള്ളത്.ഈ രണ്ട് ബില്ലും നിലവിലില്ലാത്ത സ്ഥാപനങ്ങളുടേതാണ് എന്ന് വ്യക്തമാവുന്നു.

6- പഞ്ചായത്ത് ഭരണസമിതിയുടെ 7/25.08.2017 തീരുമാന പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.എന്നാൽ വികസന സ്ഥിരം സമിതിയോ, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതിയോ ഇത്തരമൊരു ശുപാർശ നൽകുകയോ , വിഷയം ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് മിനുട്സ് പരിശോധനയിൽ വ്യക്തമാവുന്നു.

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ക്രമ നമ്പർ 4 പ്രകാരമുള്ള തുക തിരിച്ചടവാക്കേണ്ടതാണ്.

## 3-11 പറയം കോളനി കുടിവെള്ള പദ്ധതി-അപാകതകൾ

പറയം കോളനി കോളനി കുടിവെള്ള പദ്ധതി എന്ന പേരിൽ 16/18 പ്രോജക്ടിന് ട്രഷറി ബിൽ 13/30.06.2016 പ്രകാരം 432917രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടിൽ കിണർ നിർമ്മാണം,റിങ്ങ് വർക്ക്, കിണറിന് നെറ്റ്, പ്ലാറ്റ് ഫോം എന്നിവ സ്ഥാപിക്കുന്ന പ്രവർത്തികളാണ് നിർവഹിച്ചിട്ടുണ്ട്.

ശിവദാസൻ കൺവീനറായുള്ള പ്രവൃത്തിയിൽ കിണറിന്റെ ആഴം കൂട്ടൽ പ്രവർത്തിയുടെ ഭാഗമായി DSR 50.2.3.1 ഐറ്റം പ്രകാരം ആറ് ദിവസം എട്ട് മണിക്കൂർ വീതം 40 മണിക്കൂർ വെള്ളം ഒഴുക്കി കളയുന്നതിന് (Bailing Out) തുക നൽകുന്നുണ്ട്. 24.03.2017, 25.03.2017, 06.04.2017, 10.04.2017, 15.04.2017 ദിവസങ്ങളിലാണ്ഇപ്രകാരം വെള്ളം ബെയിൽ ഔട്ട് ചെയ്തിട്ടുള്ളത്. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത് പ്രകാരം 40 മണിക്കൂർ വെള്ളം ബെയിൽ ഔട്ട് ചെയ്യുന്നതിന് 165.05 നിരക്കിൽ 6602 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ വർക്ക് ഫയലിൽ ഉള്ളടക്കം ചെയ്ത മസ്റ്റർ റോൾ പ്രകാരം ബെയിൽ ഔട്ട് ചെയ്തതായി രേഖപ്പെടുത്തിയ ദിവസങ്ങളിൽ 06.04.2017, 15.04.2017 ദിവസങ്ങളിൽ മാത്രമാണ് പ്രവൃത്തി നടന്നിട്ടുള്ളത് എന്ന് വ്യക്തമാവുന്നു.പ്രവൃത്തി നടക്കാത്ത ദിവസങ്ങളിൽ വെള്ളം ബെയിൽ ഔട്ട് ചെയ്യുന്നതായി രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല എന്ന് കാണുന്നു. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിന് 3961 രൂപയുടെ അധിക ചെലവ് (24x165.05)ഉണ്ടായതായി ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രവൃത്തിയുടെ അവശേഷിച്ച വർക്കുകൾ പൂർത്തിയാക്കിയ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.പ്രോജക്ടുകൾ ഭാഗികമായി മാത്രം നിർവഹിക്കുന്ന പ്രവണത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരത്തിലുള്ള അധികച്ചെലവ് ഒഴിവാക്കേണ്ടതാണ്.

## 3-12 09,10 ക്ലാസ് SC ആൺകുട്ടികൾക്ക് സൈക്കിൾ വിതരണം - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | : 09,10 ക്ലാസ് SC ആൺകുട്ടികൾക്ക് സൈക്കിൾ (64/2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ് മാസ്റ്റർ |
| സ്റ്റാന്റിംഗ് കമ്മറ്റി | : ആരോഗ്യ വിദ്യാഭ്യാസം 1(1)/31.05.2017 |
| അടങ്കൽ | : 1,41,180 (SCP) |

| | |
|---|---|
| ചെലവ്/ബിൽ നമ്പർ | : 1,41,180/- Bill No. 4/17-18,01.11.17, 8/17-18,27.01.18 |

മേൽ പ്രൊജക്റ്റ് പ്രകാരം 09,10 ക്ലാസുകളിൽ പഠിക്കുന്ന 39 എസ്.സി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിന് അംഗീകാരം നൽകിയതിലും, നിർവ്വഹണം നടത്തിയതിലും താഴെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

1. 09,10 ക്ലാസുകളിൽ പഠിക്കുന്ന 39 എസ്.സി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്ക് മാത്രമാണ് സൈക്കിൾ വാങ്ങി നൽകിയിട്ടുള്ളത്. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള രണ്ട് സ്കൂളുകളിലായി യഥാക്രമം 157 ആൺകുട്ടികളും, 125 പെൺകുട്ടികളുമാണുള്ളത്. പെൺകുട്ടികളെ പൂർണ്ണമായും ഒഴിവാക്കിയാണ് പ്രൊജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. സൈക്കിൾ വിതരണത്തിനുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുപ്പിൽ ലിംഗ വിവേചനം നടത്തിയത് ആശാവഹമല്ല. പദ്ധതി രൂപീകരിക്കുന്ന സമയത്ത് വർക്കിംഗ് ഗ്രൂപ്പുകളും, അംഗീകാരത്തിനായി പദ്ധതി ശുപാർശ ചെയ്യുമ്പോൾ സ്റ്റാന്റിംഗ് കമ്മറ്റിയും ഇത്തരം വിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.
2. സബ്സിഡി മാർഗ്ഗ രേഖയുടെ (GO(MS)No.80/2017 LSGD, dated 03.04.2017) ഖണ്ഡിക 11.8(4) പ്രകാരം ബന്ധപ്പെട്ട വകുപ്പിൽ (പട്ടികജാതി വകുപ്പ്) നിന്നും പ്രസ്തുത പ്രൊജക്റ്റ് പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന സൈക്കിളുകൾ വിതരണം ചെയ്തിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
3. പ്രൊജക്റ്റ് പ്രകാരം സൈക്കിൾ നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമ സഭകളിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങിയിട്ടില്ല.

[മേൽ അപാകതക/ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 04/12.07.18)-ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-13 ഒന്നാം ക്ലാസിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ.

| | |
|---|---|
| പ്രൊജക്റ്റ് | : ഒന്നാം ക്ലാസിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ (189/18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ് മാസ്റ്റർ |
| സ്റ്റാന്റിംഗ് കമ്മറ്റി | : ആരോഗ്യ വിദ്യാഭ്യാസം |
| അടങ്കൽ | : 3,25,000 |
| ചെലവ്/ബിൽ നമ്പർ | : 2,71,391/- Bill No. 06/17-18, 27.01.18 |

മേൽ പ്രൊജക്റ്റ് പ്രകാരം ഒന്നാം ക്ലാസിൽ പഠിക്കുന്ന 56എസ്.സി വിദ്യാർത്ഥികൾക്ക് സിഡ്കോയിൽ നിന്നും മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിന് അംഗീകാരം നൽകിയതിലും, നിർവ്വഹണം നടത്തിയതിലും താഴെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

1. 8,9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് പഠനത്തിന് കൂടുതൽ ഭൗതിക സൗകര്യങ്ങൾ (മേശയും കസേരയും ഉൾപ്പടെയുള്ളവ) ആവശ്യമായിട്ടുള്ളത്. എന്നാൽ അത്തരം ക്ലാസുകളിലെ വിദ്യാർത്ഥികളെ പരിഗണിക്കാതെ ഒന്നാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഫർണിച്ചറുകൾ നൽകിയിട്ടുള്ളത്. ഇത്തരം വിഷയങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളും, സ്റ്റാന്റിംഗ്

കമ്മറ്റികളും കൂടുതൽ ഇടപെടേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

2. സബ്സിഡി മാർഗ്ഗ രേഖയുടെ (GO(MS)No.80/2017 LSGD, dated 03.04.2017) ഖണ്ഡിക 11.8(4) പ്രകാരം ബന്ധപ്പെട്ട വകുപ്പിൽ (പട്ടികജാതി വകുപ്പ്) നിന്നും പ്രസ്തുത പ്രൊജക്ട് പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3. പ്രൊജക്ട് പ്രകാരം ഫർണിച്ചറുകൾ നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമ സഭകളിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങിയിട്ടില്ല.

[മേൽ അപാകത/പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 04/12.07.18)-ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-14 അമൃതം ന്യൂട്രിമിക്സ് - പർച്ചേസിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് | : അംഗനവാടി പോഷകാഹാരം (51/2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ് സൂപ്പർവൈസർ, |
| സ്റ്റാന്റിംഗ് കമ്മറ്റി | : ക്ഷേമകാര്യം |
| അടങ്കൽ | : 19,50,000 |

I.അധിക നിരക്കിൽ നികുതി നൽകി- പഞ്ചായത്ത് ഫണ്ടിന് 17229/- രൂപയുടെ നഷ്ടം.

കുടുംബശ്രീ സ്ഥാപനമായ "പവിഴം" ന്യൂട്രിമിക്സ്, ഉവ്വൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. GO(MS)No. 1450/2018 LSGD, Dtd 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി എസ് ടി 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത ബില്ലുകൾ പ്രകാരം അധിക നിരക്കിൽ (18%) ജി എസ് ടി നൽകിയത് മൂലം 17229/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Invoice No & Date | Bill No/ Chq No & Date | അനുവദിച്ച നികുതി | അനുവദിക്കാവുന്ന നികുതി | അധികം |
|---|---|---|---|---|
| 9/ 30.11.2017 | 2032056/ 15.01.18 | 23792 | 6563 | 17229 |

II.രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ജി എസ് ടി നൽകി.

"പവിഴം" ന്യൂട്രിമിക്സ്, ഉവ്വൂർ എന്ന സ്ഥാപനം 23.10.2017 -ന് (32AAUFP7816K1ZN) ആണ് ജി എസ് ടി രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് 28.09.2017 ലെ ബിൽ പ്രകാരമുള്ള പർച്ചേസിനും ജി എസ് ടി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Invoice No & Date | അനുവദിച്ച നികുതി |
|---|---|
| 4/28.09.2017 | 21763 |

III.ട്രാൻസ്പോർട്ടേഷൻ ചാർജിന് ജി എസ് ടി നൽകി.

GO(MS)No. 1450/2018 LSGD, Dtd 25.05.2018 ഉത്തരവ് പ്രകാരം 2017 ഒക്ടോബർ വരെ 18 % നിരക്കിലും, 2017 നവംബർ മുതൽ 5 % നിരക്കിലുമാണ് അമൃതം ന്യൂട്രിമിക്സ് നികുതി നൽകേണ്ടത്. എന്നാൽ താഴെ

ചേർത്ത ബില്ലുകൾ പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജിന് ജി എസ് ടി നൽകിയത് മൂലം 509/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | Invoice No & Date | ട്രാൻസ്പോർട്ടേഷൻ ചാർജ് | ജി എസ് ടി ഇനത്തിൽ നൽകിയ തുക |
|---|---|---|---|
| 1 | 02/28.10.2017 | 800 (@18%) | 144 |
| 2 | 04/28.09.2017 | 857 (@18%) | 154 |
| 3 | 09/30.11.2017 | 937 (@18%) | 169 |
| 4 | 12/30.12.2017 | 840 (@5%) | 42 |
| ആകെ | | | 509 |

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 01/11.07.2018) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 ആശ്രയ പദ്ധതി - അവലോകനം.

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ അതിജീവനമാണ് ആശ്രയ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. അഗതികൾക്ക് പാർപ്പിട യോഗ്യമായ വീട്, വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്തവർക്ക് ഭൂമി, വീട് റിപ്പയർ, സാനിറ്ററി കക്കൂസ്, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വസ്ത്രം തുടങ്ങിയ ഭൗതിക സൗകര്യങ്ങളും, പെൻഷൻ, സ്വയം തൊഴിൽ പരിശീലനം മുതലായ ജീവനോപാധികളും നൽകുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഉവ്വൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ആശ്രയ പദ്ധതിയുടെ I, II ഘട്ടങ്ങളുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

A. പൊതുവിവരം.

| വിവരണം | | I- ാം ഘട്ടം (2009-12) | II- ാം ഘട്ടം (2015-18) |
|---|---|---|---|
| പദ്ധതി കാലയളവ് | | 2009-12 | 2015-18 |
| പദ്ധതി അംഗീകാരം | | ലഭ്യമല്ല. | ലഭ്യമല്ല. |
| പദ്ധതി അടങ്കൽ | | 19,25,000 | 3091000 |
| പദ്ധതി ചെലവ് | | 2,43,059 | 649747 |
| ചെലവ് ശതമാനം (%) | | 13% | 21 % |
| ഗുണഭോക്താക്കളുടെ എണ്ണം | Gen | 29 | 59 |
| | SC | 17 | 18 |
| | ST | - | - |
| | Total | 46 | 77 |

B. വിഭവം/ സ്രോതസ്

| സ്രോതസ് | I- ാം ഘട്ടം (2009-12) | II- ാം ഘട്ടം (2015-18) |
|---|---|---|
| വികസന ഫണ്ട് | 900000 | 1455000 |
| വികസന ഫണ്ട് (എസ്.സി) | 650000 | 400000 |
| ചലഞ്ച് ഫണ്ട് | 375000 | 1236000 |
| ആകെ | 1925000 | 3091000 |

C. ചെലവ് വിവരം/ നടപ്പാക്കിയ പ്രൊജക്ടുകൾ.

a). I- ാം ഘട്ടം (2009-12)

| ലക്ഷ്യം | പ്രൊജക്റ്റ് പ്രകാരം വിഭാവനം ചെയ്തത് | നടപ്പിലാക്കിയത് | പ്രതീക്ഷിത ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| സ്ഥലം വാങ്ങൽ | 1 | 0 | 75000 | 0 |
| ഭവന നിർമ്മാണം | - | - | - | - |
| ചികത്സ | 52 | 0 | 816000 | 0 |
| ഭക്ഷണ വിതരണം | 46 | 46 | 290000 | 152583 |
| വിദ്യാഭ്യാസം | 33 | 33 | 66000 | 65940 |
| കക്കൂസ് | 13 | 3 | 45500 | 10500 |
| കിണർ | 26 | - | 260000 | 0 |
| തൊഴിൽ യൂണിറ്റ് | 17 | - | 340000 | 0 |
| പദ്ധതി നിർവ്വഹണം | | | 32500 | 14036 |
| ആകെ | | | 1925000 | 243059 |

b). ആശ്രയ II- ാം ഘട്ടം (2015-18)

| ലക്ഷ്യം | പ്രൊജക്റ്റ് പ്രകാരം വിഭാവനം ചെയ്തത് | നടപ്പിലാക്കിയത് | പ്രതീക്ഷിത ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| സ്ഥലം വാങ്ങൽ | 3 | 1 | 450000 | 150000 |
| ഭവന നിർമ്മാണം | 7 | 1 | 1400000 | 200000 |
| ചികിത്സ | 28 | 0 | 370800 | 0 |
| ഭക്ഷണ വിതരണം | 77 | 77 | 864000 | 299747 |
| വിദ്യാഭ്യാസം | -- | -- | -- | -- |
| കക്കൂസ് | -- | -- | -- | -- |
| കിണർ | -- | -- | -- | -- |
| തൊഴിൽ യൂണിറ്റ് | -- | -- | -- | -- |
| പദ്ധതി നിർവ്വഹണം | | | 6200 | |

| | | |
|---|---|---|
| ആകെ | 3091000 | 649747 |

D. ഓഡിറ്റ് നിരീക്ഷണം.

1. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മൊത്തം 1925000/- രൂപയുടെ സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനായിരുന്ന വിഭാവനം ചെയ്തിരുന്നതെങ്കിലും 243059/- രൂപമാത്രമാണ് ചെലവഴിച്ചത്, കേവലം 13 % -മാത്രം.
2. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മൊത്തം 3091000/- രൂപയുടെ സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനായിരുന്ന വിഭാവനം ചെയ്തിരുന്നതെങ്കിലും 649747/- രൂപമാത്രമാണ് ചെലവഴിച്ചത്, കേവലം 21 % -മാത്രം.
3. പദ്ധതിയുടെ ഗുണഭോക്താക്കളെ (അഗതികളെ) തെരഞ്ഞെടുത്ത ശേഷം അവർക്ക് ആവശ്യമായ സൗകര്യങ്ങളും, സേവനങ്ങളുമാണ് പദ്ധതിയുടെ ഭാഗമാക്കിയിരുന്നത്. പദ്ധതി ഒന്ന്, രണ്ട് ഘട്ട പ്രകാരം യഥാക്രമം 816000/-, 370800/- രൂപയുടെ ചികിത്സ നൽകുന്നതിനുള്ള നീക്കിയിരുപ്പ് ഉണ്ടായിട്ടും പദ്ധതി കാലയളവിൽ ചികിൽസ ഇനത്തിൽ ആർക്കും സഹായം നൽകിയിട്ടില്ല.
4. പാർപ്പിട യോഗ്യമായ വീട്, വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്തവർക്ക് ഭൂമി, വീട് റിപ്പയർ, സാനിറ്ററി കക്കൂസ്, കുടിവെള്ളം, ചികിൽസ, വസ്ത്രം തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിലും, പെൻഷൻ, സ്വയം തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിലും പദ്ധതി ലക്ഷ്യം കൈവരിക്കാനായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
5. സാമൂഹികമായും സാമ്പത്തികമായും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനും വേണ്ടി വിഭാവനം ചെയ്ത പ്രൊജക്റ്റ് ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പേരായ്മകൊണ്ട് കേവലം ഒരു ഭാഗിക ഭക്ഷണ വിതരണ പദ്ധതിയായി മാറിയതായി ഓഡിറ്റ് വിലയിരുത്തുന്നു.
6. പദ്ധതിയുടെ നിർവ്വഹണ ഘട്ടങ്ങളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയോ, പഞ്ചായത്ത് ഭരണ സമതിയുടെയോ ഇടപെടലുകൾ ഇല്ലാത്തത് പദ്ധതിയുടെ പരാജയത്തിന്റെ മുഖ്യ കാരണമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-16 ഗ്രാമ ജ്യോതി - അജൈവ മാലിന്യ സംസ്കരണ പദ്ധതി

ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായും മാലിന്യ സംസ്കരണ രംഗത്ത് പുതിയൊരു കാൽവെപ്പ് എന്ന ആശയവുമായിട്ടാണ് ഉവ്വൂർ ഗ്രാമ പഞ്ചായത്തിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വേർതിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമജ്യോതി എന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നത്.ഇതിനായി കുടുംബശ്രീ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത വനിതകളുടെ ഒരു കൂട്ടായ്മ "ഹരിത കർമസേന"എന്ന പേരിൽ രൂപീകരിച്ചിട്ടുണ്ട്.

വീടുകളിൽ നിന്ന് വർഷത്തിൽ നാല് തവണ ഖര മാലിന്യങ്ങൾ ശേഖരിക്കുക, മാസത്തിൽ ഒരു തവണ കടകളിൽ നിന്ന് ശേഖരിക്കുക, യുവജന പങ്കാളിത്തത്തോടെ വർഷത്തിൽ ഒരിക്കൽ പഞ്ചായത്തിലെ റോഡുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുക, യുവജന ക്ലബുകളെയും സന്നദ്ധ പ്രവർത്തക കൂട്ടായ്മകളെയും, വിദ്യാർഥികളെയും പദ്ധതിയുമായി സഹകരിപ്പിച്ച് സമൂഹത്തിൽ മാലിന്യ സംസ്കരണത്തെ കുറിച്ച് ശക്തമായ അവബോധം സൃഷ്ടിക്കുക എന്നിവയാണ് ഗ്രാമ ജ്യോതി - അജൈവ മാലിന്യ സംസ്കരണ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.173/18 പ്രോജക്ടിൽ പ്ലാൻ വിഹിതം 1.4 ലക്ഷം രൂപയാണ്

വകയിരുത്തിയത്.രണ്ട് ബില്ലുകളിലായി 139470 രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവഹണത്തിന് അനിവാര്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കും ഹരിത കർമ സേനയിലെ അംഗങ്ങൾക്ക് വേതനം നൽകുന്നതിനും ,മാലിന്യം ശേഖരിക്കുന്നതിനായി വാടകക്കെടുത്ത സ്ഥലത്തിന്റെ വാടക നൽകുന്നതിനുമാണ് പ്രധാനമായും ഈ തുക ചെലവഴിച്ചിട്ടുള്ളത്.മാലിന്യം രേഖരിക്കുന്ന ആവശ്യത്തിലേക്ക് വീടുകൾക്ക് ബാഗ് നൽകുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് 174/18 പ്രോജക്ട് . മൂന്നര ലക്ഷം രൂപ പ്ലാൻ വിഹിതം വകയിരുത്തിയ ഈ പ്രോജക്ടിൽ ചെലവ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി കേരള ഗ്രാമീൺ ബാങ്കിൽ ജോയന്റ് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുകയും കാഷ് ബുക്ക് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. അക്കൗണ്ടിൽ 07.07.2018 ന് 200225 രൂപ നീക്കിയിരിപ്പുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-പൊതു സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണത്തിനും പകർച്ചവ്യാധികളുടെ വ്യാപനം നിയന്ത്രിക്കുന്നതിനും മാലിന്യ സംസ്കരണം അനിവാര്യമാണ്. ഗ്രാമ പഞ്ചായത്തിന്റെ ഈ തുടക്കം വ്യക്തമായ ആസൂത്രണത്തോടെയും വ്യവസ്ഥാപിതവുമാണ് എന്ന് കാണുന്നു. എന്നിരുന്നാലും ക്ഷേമകാര്യ, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതിയുടെയും നിരന്തര ഇടപെടലും നിയന്ത്രണവും അനിവാര്യമാണ്.

2-ഖരമാലിന്യത്തിന്റെ വേർതിരിക്കലും വിറ്റഴിക്കലും സമയബദ്ധിതമായും വ്യവസ്ഥാപിതമായും നിർവഹിക്കൽ അനിവാര്യമാണ്.അല്ലാത്തപക്ഷം മാലിന്യം സമാഹരണ കേന്ദ്രത്തിൽ കുമിഞ്ഞ് കൂടുകയും പ്രോജക്ടിന് വിപരീത ഫലം ഉണ്ടാവുകയും ചെയ്യും.സമാഹരിക്കുന്ന മാലിന്യം കാലതാമസം കൂടാതെ വിറ്റൊഴിവാക്കുകയോ കയറ്റി അയക്കുകയോ ചെയ്യാൻ ജാഗ്രത പുലർത്തേണ്ടതാണ്.

3-കാഷ് ബുക്ക് എഴുതിവരുന്നുണ്ട്. വരവ് ചെലവ് കണക്കുകളുടെ രേഖകൾ ഒറ്റ ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല വർഷാവസാനം വരവ് ചെലവ് കണക്കുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കുകയും , പ്രോജക്ടിന്റെ പ്രോയോഗിക തലത്തിലെ ശക്തി ദൗർബല്യങ്ങൾ വിലയിരുത്തി ഒരു അവലോകനം നടത്തേണ്ടതുമാണ്.

4- 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉത്തരവ് നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദേശങ്ങൾ പ്രാബല്യത്തിൽ വരുത്താൻ പഞ്ചായത്ത് ഭരണസമിതി പരിശ്രമിക്കേണ്ടതാണ്. മാത്രമല്ല, പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ , കവറുകൾ എന്നിവയുടെ ഉപയോഗം കുറക്കേണ്ടതിന്റെ ആവശ്യകത പൊതു സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

ഖര മാലിന്യ സംസ്കരണ പ്രോജക്ട് ഗ്രാമ പഞ്ചായത്തിന്റെ അഭിമാന പ്രോജക്ടായി മാറ്റാൻ കൂട്ടായ പരിശ്രമവും പ്രവർത്തനവും വേണ്ടതുണ്ട്.ഖര മാലിന്യങ്ങളുടെ വിൽപനയിലൂടെ വരുമാനം ലഭ്യമാക്കുന്നു എന്നുള്ളത് അഭിനന്ദനാർഹമാണ്. കേരളത്തിലെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി മാതൃകയാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.ഈ മേഖലയിൽ ക്ഷേമകാര്യ, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതിയുടെയും , പഞ്ചായത്ത് ഭരണസമിതിയുടെയും നിരന്തര ഇടപെടലും നിയന്ത്രണവും അനിവാര്യമാണ് എന്ന് ശ്രദ്ധയിൽ പെടുത്തുകയും ചെയ്യുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 600000 | ലൈഫ് ഭവന പദ്ധതി | 570000 | 30000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 187500 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 62300 | 125200 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85000 | പച്ചക്കറിക്കൃഷിക്ക് കൂലി ചെലവ് | 85000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 477000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 477000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പരതോട് എസ്.സി കോളനി കുടിവെള്ള പദ്ധതി | 32/17-18/ 28.02.18 | 66074 | 0 | 66074 |
| KWA | തരിപ്രമുണ്ട എസ് സി കോളനി പൈപ് ലൈൻ ദീർഘിപ്പിക്കൽ | 31/17-18/ 28.02.18 | 62000 | 0 | 62000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 305246 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2007-08 | 3-19(1) | 305246 | ശ്രീ .T.Rമോഹൻ കുമാർ | 117050103306/23-9-17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(1) | 2006-07 | 3-71-4 | ഡെപ്പോസിറ്റ് വർക്ക് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2002-03 | 3(2) | 2006-07 | 3-71-3 | മുൻകൂർ വാങ്ങിയിട്ടും പ്രവർത്തി പൂർത്തിയാക്കിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 2001-02 | 3-6 | വി.വിജയൻ,സെക്രട്ടറി | LF1453/spl.cell /Sc/05 /08/19.06.2010 | 10272 | തുക അടവാക്കിയിട്ടില്ല. |
| 2 | 2007-08 | 3-19(1) | ടി.ആർ മോഹൻകുമാർ,സെക്രട്ടറി | LF15993/spl.cell /CSC/D1 | 305246+int | 305246 രൂപ അടവാക്കി |

| | | | | | | |
|---|---|---|---|---|---|---|
| | | | | /12Dtd.14.09.2015 | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60668094 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60249165 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 481798 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7<br>3-8 | 300000<br>181798 | ഡോ. അബ്ദുൽ അസീസ്, മെഡിക്കൽ ഓഫീസർ (PHC)<br>ശ്രീ.എം .വി മോഹനൻ,സെക്രട്ടറി |
| ആകെ | 481798 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.എം.(6)139/2004/13.12.2011 | 10 |
| 1999-00 | എൽ.എഫ്.എം.8-1277/2004/13.12.2011 | 11 |
| 2000-01 | എൽ.എഫ്.എം.6-647/2005/16.12.2011 | 08 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.എം.6-1432/2005/14.10.2010 | 33 |
| 2002-03 | എൽ.എഫ്.എം.6-1432/2005/14.10.2010 | 28 |
| 2003-04 | എൽ.എഫ്.എം.6-1194/2008/14.10.2010 | 16 |
| 2004-05 | എൽ.എഫ്.എം.6-1195/2008/14.10.2010 | 23 |
| 2005-06 | എൽ.എഫ്.എം.6-776/2010 /02.12.2010 | 16 |
| 2006-07 | എൽ.എഫ്.എം.5-2390/2012/02.5.2013 | 10 |
| 2007-08 | എൽ.എഫ്.എം.6-778/2010/19.11.2010 | 35 |
| 2008-09 | എൽ.എഫ്.എം.5-744/2012/ 06.6.2012 | 16 |
| 2009-10 | എൽ.എഫ്.എം.5-745/2012/ 07.8.2012 | 16 |
| 2010-11 | എൽ.എഫ്.എം.5-988/2013/ 31.10.2013 | 15 |
| 2011-12& 2012-13 | എൽ.എഫ്.എം.24-465/2015/ 9/04/2015 | 26 |
| 2013-14& 2014-15 | കെ.എസ്.എ.എം.പി.എം 24/1407/16 /14.06.2016 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം24/3056/16 /21.12.2016 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം24/1586 /17/14.07.2017 | 9 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# Annexure 1

# Audit Certificate

No. KSA/MPM/24/1726/2018

Kerala State Audit Department,
District Office, Malappuram.
Date .03-07-18

Certified that I have Audited the Annual Financial Statement of TUVVUR Grama Panchayat in Malappuram District for the year 2017-18 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of TUVVUR Grama Panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,

Kerala State Audit Department,
District Office, Malappuram.

# അനുബന്ധം 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ/എം പി എം/24/1726/2018

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി .03-07-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.